**പതിനാലാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3836 21.06.2018-ലെ മറുപടിയ്ക്ക്

## കായിക വികസന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി. തോമസ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് അന്തർദേശീയ സ്പോർട്സ് മത്സരങ്ങൾ നടത്തുവാൻ ഉതകുന്ന രീതിയിലുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് അന്തർദേശീയ സ്പോർട്സ് മത്സരങ്ങൾ നടത്തുവാൻ ഉതകുന്ന രീതിയിലുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനായി, 35-ാം ദേശീയ ഗെയിംസിന്റെ ഭാഗമായി ചുവടെ പറയുന്ന സ്റ്റേഡിയങ്ങളും, നീന്തൽക്കുളങ്ങളും നിർമ്മിക്കുകയും/ നവീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>1) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം<br>2) പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽക്കുളം<br>3) അഗ്രികൾച്ചർ കോളേജ് ഇൻഡോർ സ്റ്റേഡിയം , വെള്ളായണി<br>4) ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, പാളയം<br>5) ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം<br>6) എൽ.എൻ.സി.പി.ഇ കാര്യവട്ടം, സൈക്കിൾ വെലോഡ്രോം<br>7) യൂണിവേഴ്സിറ്റി സ്റ്റേഡിയം, പാളയം<br>8) സ്ക്വാഷ് കോർട്ട്,പാളയം<br>9) ടെന്നീസ് കോർട്ട്,കുമാരപുരം<br>10) ഗ്രീൻഫീൽഡ് സ്റ്റേഡിയം<br>11) ന്യൂ ഹോക്കി സ്റ്റേഡിയം, കൊല്ലം<br>12) കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം<br>13) രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി<br>14) ലോൺ ബോൾ കോർട്ട്, ആർ.എസ്.സി.കൊച്ചി |

| | | | |
|---|---|---|---|
| | | | 15) കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ<br>16) തൃപ്രയാർ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ<br>17) വി.കെ.എൻ.മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ<br>18) ട്രാപ്പ് ആന്റ് സ്കേറ്റ്, പോലീസ് അക്കാഡമി, തൃശ്ശൂർ<br>19) കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട്.<br>20) വി.കെ.കെ.മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്<br>21) കോഴിക്കോട് മെഡിക്കൽ കോളേജ് ഗ്രൗണ്ട്.<br>22) മുണ്ടയാട് സ്പോർട്സ് കോംപ്ലക്സ്, കണ്ണൂർ.<br>23) വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്<br><br>കൂടാതെ, കേരളത്തിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ പരിശീലന ഗ്രൗണ്ടായിരുന്ന പനമ്പള്ളി നഗർ സ്പോർട്സ് കോംപ്ലക്സും ടി മത്സര വേദിയായ കലൂർ സ്പോർട്സ് കോംപ്ലക്സും, അന്തർദേശീയ മത്സരങ്ങൾ നടത്തുന്നതിന് അനുയോജ്യമാക്കി നവീകരിച്ചിട്ടുണ്ട്.<br>അന്തർദേശീയ മത്സരങ്ങൾ നടത്തുന്നതിന് അനുയോജ്യമായ തൃശ്ശൂർ സ്വിമ്മിംഗ്പൂളിലും പുനരുദ്ധാരണ പ്രവൃത്തികൾ ധൃതഗതിയിൽ നടന്നു വരുന്നു. |
| (ബി) | പൊതുജനാരോഗ്യ സംരക്ഷണത്തിനായി കായിക രംഗത്തെ ഉപയോഗിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (ബി) & (സി) | ഉണ്ട്. കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിന് വേണ്ടി കേരള സാക്ഷരത മിഷൻ ആരംഭിച്ചതുപോലെ അതേ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കായികക്ഷമത മിഷൻ"<br>ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരം തിരിക്കുന്നതാണ്.<br>➢ നഴ്സറി മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ |
| (സി) | കേരള കായിക ക്ഷമതാ മിഷൻ രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ➢ 8-ാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ<br>➢ യൂണിവേഴ്സിറ്റി തലം<br>➢ യുവജനങ്ങൾ മുതൽ മുതിർന്ന പൗരൻമാർ വരെ<br>ഇതിൽ യൂണിവേഴ്സിറ്റി തലത്തിലുള്ള വിദ്യാർത്ഥികൾക്കായുള്ള പരിശീലന പരിപാടികൾ വിഭാവനം ചെയ്യുന്നതിനുള്ള അവസാന ഘട്ട ചർച്ചകൾ നടന്നു വരുന്നു. ബാക്കി വിഭാഗങ്ങൾക്ക് ആവശ്യമായ പരിശീലനപരിപാടികൾ അതാത് തലങ്ങളിലെ വിദഗ്ധരുമായി ചർച്ച ചെയ്ത് തീരുമാനിച്ചു കഴിഞ്ഞു.<br>വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ സഹായസഹകരണത്തോടു കൂടിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. |
| (ഡി) | പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്ന നിയമനങ്ങളിൽ കായിക താരങ്ങൾക്ക് സംവരണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം സംവരണമാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. പി.എസ്.സി നിയമനങ്ങളിൽ കായിക താരങ്ങൾക്ക് 1% സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**